# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12.03.2018-ൽ |
| ചോദ്യം നമ്പർ - 2555 | മറുപടിയ്ക്ക് |

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ റോഡുപണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വട്ടവിള - പിരായുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, തിരുപുറം - മാവിളക്കടവ്, അറക്കുന്ന് - മാരായമുട്ടം എന്നീ റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പണികൾ ആരംഭിക്കുന്നതിന് ഉത്തരവാദപ്പെട്ടവർ വീഴ്ച വരുത്താൻ ഉണ്ടായ കാരണം വിശദമാക്കാമോ;

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വട്ടവിള-പിരയുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, തിരുപുറം- മാവിളക്കടവ് എന്ന പ്രവൃത്തി 29/11/2017-ൽ കരാർ ചെയ്ത് 08/12/2017-ൽ സൈറ്റ് ഹാൻറ് ഓവർ ചെയ്തു. ഓടകളുടെ പണി പുരോഗമിക്കുന്നു. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന മൂന്ന് റോഡുകളും ഒറ്റ പ്രവൃത്തിയായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. നെയ്യാറ്റിൻകര മണ്ഡലത്തിലെ അറക്കുന്ന്- മാരായമുട്ടം എന്ന റോഡ് നെയ്യാറ്റിൻകര - മാരായമുട്ടം എന്ന പേരിലാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഈ റോഡിന്റെ ചെ. 0/000 മുതൽ 1/550 വരെയുള്ള ഭാഗം ബഡ്ജറ്റ് പ്രവൃത്തി ആയും, 1/550 മുതൽ 2/050 വരെയുള്ളതും, 2/650 മുതൽ 3/200 വരെയുള്ളതും പൊതുമരാമത്ത് വകുപ്പിന്റെ നോൺ പ്ലാൻ വിഭാഗത്തിലുമായിട്ടാണ് അനുമതി നൽകിയിട്ടുള്ളത്. ടി പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പണി നടത്തിപ്പിൽ വീഴ്ച വരുത്തിയിട്ടില്ല. ഈ റോഡിന്റെ ചെ. 2/050 മുതൽ 2/650

| | |
|---|---|
| | വരെയുള്ള ഭാഗത്ത് ബി.എം. & ബി.സി നിലവാരത്തിലുള്ള പുനഃരുദ്ധാരണം എന്ന പ്രവൃത്തി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) വർഷകാലത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വർക്കുകൾ കാലതാമസം കാരണം മഴക്കാലത്തേയ്ക്ക് നീങ്ങുമ്പോൾ ഉണ്ടാകുന്ന റോഡ് തകർച്ചയ്ക്കും അതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ധനനഷ്ടത്തിനും ആരാണ് ഉത്തരവാദി എന്ന് വ്യക്തമാക്കാമോ; | (ബി) മഴക്കാല പൂർവ്വ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുമ്പോൾ തന്നെ ടെണ്ടർ ചെയ്ത് കാലതാമസം ഇല്ലാതെ പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. സമയബന്ധിതമായി മഴക്കാല പൂർവ്വ പ്രവൃത്തികൾ നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കാറുണ്ട്. കൂടാതെ അവിചാരിതമായി ഉണ്ടാകുന്ന സാധന സാമഗ്രികളുടെ ക്ഷാമം മൂലം ചില സന്ദർഭങ്ങളിൽ പ്രവൃത്തിക്ക് കാലതാമസം നേരിടാറുണ്ട്. |
| (സി) വർഷകാലത്ത് പണി നടത്താൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കെ ഇത്തരം ഉത്തരവുകൾക്ക് ഒരു പ്രാധാന്യവും കൊടുക്കാതെ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (സി) ഉപരിതല പുനരുദ്ധാരണ പ്രവൃത്തികൾ മഴക്കാലത്ത് ചെയ്യാറില്ല. കുഴിയടച്ച് റോഡ് ഗതാഗതയോഗ്യവും അപകട രഹിതവുമാക്കുന്ന പ്രവൃത്തികളാണ് മഴക്കാലത്ത് അവശ്യ ഘട്ടങ്ങളിൽ ചെയ്യുന്നത്. |
| (ഡി) മേൽപ്പറഞ്ഞ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) ഭരണാനുമതി ലഭ്യമായ റോഡുകളുടെ പ്രവൃത്തി ഈ മാസം തന്നെ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ